# ധനമുള്ളവരോട് അല്ലാഹുവിന്റെ ചോദ്യം

ലുഖ്മാൻ ഫാറൂഖ്

'അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹു അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്തുപോയാൽ അവർക്കെന്തു ദോഷമാണുള്ളത്? അല്ലാഹു അവരെപ്പറ്റി നന്നായി അറിയുന്നവനാകുന്നു' (വി.ക്വു. 4:39)

മനുഷ്യരെല്ലാം ധനമുള്ളവരാണ്. ധനത്തിന്റെ ഏറ്റക്കുറച്ചിലുണ്ട് എന്നതാണ് അക്കാര്യത്തിലെ വ്യത്യാസം. ധനം ചെലവഴിക്കാൻ അല്ലാഹു കൽപിച്ചത് വലിയ പണക്കാരനോടു മാത്രമല്ല. അല്ലാഹുവിലും പരലോകജീവിതത്തിലും വിശ്വസിക്കുകയും വിശ്വാസജന്യമായ ഉൾപ്രേരണയാൽ തങ്ങളുടെ കഴിവിൽപെട്ടത് ചെലവഴിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യരിൽനിന്ന് അല്ലാഹു പ്രതീക്ഷിക്കുന്നത്. നല്ല മാർഗത്തിൽ ചെലവഴിക്കുന്നത് എത്ര ചെറുതാണെങ്കിലും അവനത് പല ഇരട്ടികളായി വർധിപ്പിക്കും.

'അല്ലാഹുവിന്ന് ഉത്തമമായ കടം നൽകാനാരുണ്ട്. എങ്കിൽ അല്ലാഹു അവന്ന് അത് അനേകം ഇരട്ടികളായി വർധിപ്പിച്ചുകൊടുക്കുന്നതാണ്. (ധനം) പിടിച്ചുവെക്കുന്നതും വിട്ടുകൊടുക്കുന്നതും അല്ലാഹുവാണ്. അവങ്കലേക്ക് തന്നെയാകുന്നു നിങ്ങൾ മടക്കപ്പെടുന്നതും' (2:245)

ഏറ്റവും നല്ല കടമേ അല്ലാഹു സ്വീകരിക്കുകയുള്ളു. അതു മാത്രമാണ് വർധനക്ഷമമായ ധനം. ഏതാണ് നല്ല കടം എന്നാണ് ഇനി ചിന്തിക്കാനുള്ളത്. ചൂഷണമില്ലാത്ത, സകാത്ത് ബാധ്യതയുള്ളവനാണെങ്കിൽ അതു നൽകി ശുദ്ധീകരിച്ച, ന്യായമായ മാർഗത്തിൽ സമ്പാദിച്ച ധനം അല്ലാഹുവിന്നിഷ്ടപ്പെട്ട മാർഗത്തിൽ ചെലവഴിക്കുമ്പോഴാണ് അത് നല്ല കടമായി മാറുന്നത്. ഒരിക്കൽ ഒരാൾ നബി (സ്വ)യോട് ചോദിച്ചു. 'അല്ലാഹുവിന്റെ ദൂതരേ, ഏതു തരം സ്വദഖയ്ക്കാണ് കൂടുതൽ പ്രതിഫലം? നബി (സ്വ) പ്രതിവചിച്ചു. നീ ആരോഗ്യവാനും ധനം ചെലവഴിക്കാൻ മടിയുള്ളവനും ദാരിദ്ര്യം ഭയക്കുന്നവനും സമ്പന്നത കാംക്ഷിക്കുന്നവനുമായ സന്ദർഭത്തിൽ ദാനം ചെയ്യുക. ദാനധർമത്തെ നീ നീട്ടിവെക്കരുത്. ജീവൻ കണ്ഠനാളത്തിലെത്തിയാൽ 'ഇത്ര ഇന്നവന്നു കൊടുക്കണം, ഇത്ര ഇന്നവന്നു കൊടുക്കണം എന്ന് നീ പറയും. യഥാർഥത്തിലോ അപ്പോൾ ആ ധനം ഇന്നവന്റെ (അനന്തരാവകാശിയുടെ)തായിക്കഴിഞ്ഞിരിക്കും' (ബുഖാരി, മുസ്‌ലിം)

ഏതനുഗ്രഹം ലഭിക്കുമ്പോഴും അതിലൊരംശം ദരിദ്രനായ ബന്ധുവിനെയോ ബന്ധുവല്ലാത്ത ദരിദ്രനെയോ ദരിദ്രനായ അയൽക്കാരനെയോ എത്രയും വേഗം അനുഭവിപ്പിക്കുക എന്നതാവണം സത്യവിശ്വാസികളുടെ സ്വഭാവം.

'നബി (സ്വ) അരുളി. അല്ലാഹു ഇങ്ങനെ പറഞ്ഞിരിക്കുന്നു. മനുഷ്യാ നീ (നല്ല മാർഗത്തിൽ) ചെലവഴിക്കുക. എന്നാൽ നിന്റെ മേൽ ഞാനും ചെലവഴിക്കും' (ബുഖാരി, മുസ്‌ലിം)

'നബി (സ്വ) പറഞ്ഞു: പ്രഭാതവേളയിൽ രണ്ട് മലക്കുകൾ വന്ന് ഇങ്ങനെ പ്രാർഥിക്കാത്ത ഒരു ദിവസവുമില്ല. അല്ലാഹുവേ, ധനം (നല്ല മാർഗത്തിൽ) ചെലവഴിക്കുന്നവന്ന് നീ പകരം നൽകേണമേ. മറ്റേ മലക്കു പറയും: (നല്ല കാര്യത്തിനു ചെലവഴിക്കാതെ) ധനം പിടിച്ചുവെക്കുന്നവന്ന് നീ നാശം വരുത്തേണമേ' (ബുഖാരി, മുസ്‌ലിം)

### രണ്ടുതരം ദാനം

നിർബന്ധദാനം, ഐച്ഛിക ദാനം എന്നിങ്ങനെ രണ്ടുതരം ദാനമുണ്ട്. നിർബന്ധദാനം തന്റെ സമ്പത്തിന്റെ ശുദ്ധീകരണമായാണ് സത്യവിശ്വാസി കാണേണ്ടത്. അതാണ് സകാത്ത്. പതിനായിരം രൂപ ഒരു വർഷം മിച്ചമുണ്ടെങ്കിൽ ഇരുനൂറ്റി അമ്പത് രൂപ ദരിദ്രർക്ക് ദാനം നൽകിയെങ്കിലേ ബാക്കിയുള്ള ഒമ്പതിനായിരത്തി എഴുനൂറ്റിയമ്പതു രൂപ ശുദ്ധീകരിക്കപ്പെടുകയുള്ളു. സകാത്ത് ഇസ്‌ലാമിക ഗവർമെന്റിന്നും അതില്ലാത്തിടത്ത് സകാത്തു കമ്മിറ്റിക്കും അധികാര സ്വരത്തിൽ ചോദിച്ചുവാങ്ങാം. സ്വദഖ പ്രശ്നങ്ങളുടെയും സന്ദർഭങ്ങളുടെയും സ്വഭാവം പരിഗണിച്ച് വ്യക്തികൾ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്. ഇതിന്ന് നിസ്വാബ് (ഇത്ര ധനം ഉണ്ടായാൽ നൽകൽ നിർബന്ധമാകുന്ന അവസ്ഥ) ഇല്ല. പത്തു രൂപ മാത്രം കീശയിലുള്ളവന്റെ മുമ്പിൽ അവശനായ ഒരാൾ വന്ന് തനിക്ക് ഒരു ചായ വാങ്ങിത്തരണമെന്നു പറഞ്ഞാൽ അത് വാങ്ങിക്കൊടുക്കണം.

'അവരുടെ സമ്പത്തുകളിൽ ചോദിച്ചുവരുന്നവന്നും (ഉപജീവനം) തടയപ്പെട്ടവന്നും അവകാശമുണ്ടായിരിക്കുകയും ചെയ്യും' (51:19) സ്വർഗാവകാശികൾ ഈ അവകാശം നൽകിയവരായിരിക്കും.

സ്വർഗവാസികൾ നരകവാസികളോട് അവരെങ്ങനെ നരകത്തിലകപ്പെട്ടു എന്നു ചോദിക്കുമ്പോൾ അവർ പറയുന്ന മറുപടി 'ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായില്ല. ഞങ്ങൾ അഗതിക്ക്

ആഹാരം നൽകുമായിരുന്നില്ല' (വി.ഖു. 74:43, 44) എന്നാണ്. നല്ല മാർഗത്തിൽ ചെലവഴിക്കാത്ത പിശുക്കൻമാരോട് അല്ലാഹു പറയുന്നതിങ്ങനെയാണ്. 'അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് തങ്ങൾക്ക് തന്നിട്ടുള്ളതിൽ പിശുക്കു കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അതവർക്ക് ദോഷകരമാണ്. അവർ പിശുക്കു കാണിച്ച ധനംകൊണ്ട് ഖിയാമത്തു നാളിൽ അവരുടെ കഴുത്തിൽ മാലചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിന്നത്രേ. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു. (3:180)

ധനം തന്റേയും കുടുംബത്തിന്റേയും പുറത്തുള്ളവർക്കു കൊടുക്കാനൊരുങ്ങുമ്പോഴാണ് പലർക്കും പിശുക്ക് അനുഭവപ്പെടുക. അത് പിശാചിന്റെ സ്വാധീനം മൂലമുണ്ടാകുന്നതാണ്. അതിനാൽ പിശാചിനെ കീഴ്പ്പെടുത്തുകയും അതിന്നായി അല്ലാഹുവോട് പ്രാർഥിക്കുകയും വേണം.

'പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ പേടിപ്പെടുത്തുകയും, നീചവൃത്തികൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു ആകട്ടെ അവന്റെ പക്കൽ നിന്നുള്ള മാപ്പും അനുഗ്രഹവും നിങ്ങൾക്കു വാഗ്ദാനം ചെയ്യുന്നു. അല്ലാഹു വിപുലമായ കഴിവുള്ളവനും അറിയുന്നവനുമാകുന്നു' (വി.ഖു. 3:268).

നല്ല മാർഗത്തിൽ ചെലവഴിക്കാനൊരുങ്ങുമ്പോൾ നമ്മുടെ ചില ആവശ്യങ്ങളെ അത്യാവശ്യങ്ങളെന്നു തോന്നിപ്പിച്ചുകൊണ്ടാണ് പിശാച് ദാരിദ്ര്യത്തെ ഭയപ്പെടുത്തുക. അപ്പോൾ വസ്തുനിഷ്ഠമായ ഒരാത്മ പരിശോധന നാം നടത്തേണ്ടതുണ്ട്. മനുഷ്യരോട് അവരുടെ കഴിവിൽപെടാത്തതൊന്നും അല്ലാഹു കൽപിക്കുന്നില്ല. 'അതിനാൽ നിങ്ങൾക്കു സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും നിങ്ങൾക്കുതന്നെ ഗുണകരമായ നിലയിൽ ചെലവഴിക്കുകയും ചെയ്യുക. ആർ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അവർ തന്നെയാകുന്നു വിജയം നേടിയവർ' (64:16)

ധനം പരീക്ഷണമാണെന്ന് ഖുർആൻ പലയിടങ്ങളിൽ പറഞ്ഞിട്ടുണ്ട്. അഹങ്കാരം, പൊങ്ങച്ചം, പിശുക്ക്, നിഷിദ്ധമായവ ആസ്വദിക്കാനുള്ള മോഹം എന്നിവ ധനത്തോടൊപ്പം വരാനിടയുള്ള അപകട ചിന്തയാണ്. അതിൽ നിന്നെല്ലാം മോചിതനായി നല്ല മാർഗത്തിൽ ചെലവഴിച്ചാൽ അത് അല്ലാഹുവിന്നുള്ള ഉത്തമ കടമായി മാറുന്നു. അതാണ് പല ഇരട്ടികളായി വർധിക്കുന്നത്.

**സകാത്തിന്റെ അവകാശികൾ**

'സകാത്തു മുതലുകൾ ദരിദ്രർ, അഗതികൾ, സകാത്തുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ, ഇസ്ലാമുമായി ഹൃദയം ഇണക്കപ്പെട്ടവർ, അടിമ മോചനം ചെയ്യുന്നവർ, കടംകൊണ്ട് വലഞ്ഞവർ, അല്ലാഹുവിന്റെ മാർഗത്തിൽ, വഴിപോക്കൻ എന്നിവർക്കു മാത്രമാണ്' (9:60)

എല്ലാ വിളകൾക്കും സകാത്തു ബാധകമാണ്; ഭക്ഷ്യവസ്തുവല്ലാത്ത റബ്ബർ, അടക്ക എന്നിവയടക്കമുള്ള എല്ലാറ്റിന്നും. അതിനെ അതത് നാട്ടിലെ മുഖ്യ ആഹാരവസ്തുവോട് സദൃശ്യപ്പെടുത്തിയാണ് സകാത്തു നൽകേണ്ടത്. കേരളത്തിൽ അരിയും ഉത്തരേന്ത്യയിൽ ഗോതമ്പുമാണല്ലോ മുഖ്യാഹാരം. അത് തൊലികളഞ്ഞ് 300 സ്വാഅ് (600 കിലോ) ഉണ്ടെങ്കിൽ അതിന്റെ പത്തുശതമാനം നൽകണം. അറുനൂറ് കിലോ അരിയുടെ വിലക്ക് തുല്യമായ റബ്ബർ, അടക്ക തുടങ്ങിയവക്കും പത്തു ശതമാനം നൽകുക. ഭൂമിക്കു സകാത്തില്ല; ഉൽപന്നങ്ങൾക്കു നൽകിയാൽ മതി. കൃഷിയുൽപ്പന്നങ്ങൾക്ക് വിളവെടുക്കുമ്പോൾ നൽകണം. വർഷം തികയുക എന്നതല്ല അതിന്റെ രീതി. നാലുമാസം കൊണ്ട് വിളവെടുക്കുന്നത് ഒന്നിൽ കൂടുതൽ വർഷംകൊണ്ട് വിള കിട്ടുന്നത് അങ്ങനെ പല രീതിയിലാണല്ലോ കൃഷികൾ.

സൂക്ഷിപ്പുധനം: ധനം പണമായും സ്വർണമായും സൂക്ഷിക്കാറുണ്ട്. ആവശ്യമുള്ളപ്പോൾ വിൽക്കാമല്ലോ എന്നു കരുതി സ്വർണം വാങ്ങി വെക്കുന്നവരുണ്ട്. പണം പോലെ തന്നെയാണത്. വർഷത്തിൽ രണ്ടര ശതമാനമാണ് ഇവയുടെ സകാത്ത്. 590 ഗ്രാം ആണ് വെള്ളിയുടെ നിസ്വാബ്. അതിന്റെ വിലക്കുള്ള കറൻസിയും സ്വർണവും ഉണ്ടെങ്കിൽ രണ്ടര ശതമാനം സകാത്ത് നൽകണം. മൊത്തം വരുമാനത്തിന്നല്ല മിച്ചത്തിന്നാണ് സകാത്ത് ബാധകമാവുന്നത്. അടിസ്ഥാനാവശ്യങ്ങൾ കഴിച്ചശേഷം 590 ഗ്രാം വെള്ളിയുടെ വില നാണയമായോ സ്വർണമായോ ഒരു വർഷമായി നമ്മുടെ പക്കലുണ്ടെങ്കിൽ സകാത്ത് നൽകണം. കച്ചവടത്തിന്ന് കൊല്ലം തികയുമ്പോൾ ചരക്കും കയ്യിരിപ്പുതുകയും കൂട്ടി കിട്ടുമെന്നുറപ്പുള്ള കടം കൂട്ടുകയും തിരിച്ചടക്കാനുള്ള കടം പിടിക്കുകയും ചെയ്ത് മൊത്തത്തിന്റെ രണ്ടരശതമാനം സകാത്ത് നൽകണം. ലാഭത്തിന്നല്ല നൽകേണ്ടത് എന്ന് പ്രത്യേകം ശ്രദ്ധിക്കണം. രണ്ടുലക്ഷം രൂപയുടെ ബിസിനസ്സ് തുടങ്ങി ഒരു വർഷം കഴിഞ്ഞപ്പോൾ അരലക്ഷം നഷ്ടംവന്നു എങ്കിൽ, ബാക്കിയുള്ള ഒന്നര ലക്ഷത്തിന്റെ ചരക്കിന്ന് രണ്ടര ശതമാനം നൽകണമെന്നു സാരം.